പതിമൂന്നാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 422 — 11.06.2013 -ൽ മറുപടിക്ക്

## കെ.എസ്.ആർ.ടി.സി.–യാത്രാ നിരക്കുകൾ

| ചോദ്യം | ഉത്തരം |
|---|---|
| ഡോ. ടി. എം. തോമസ് ഐസക് | ശ്രീ. ആര്യാടൻ മുഹമ്മദ് (ഊർജ്ജവും ഗതാഗതവും വകുപ്പു മന്ത്രി) |

(എ) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ കെ.എസ്.ആർ.ടി.സി. -യുടെ യാത്രാനിരക്കുകൾ എത്രയായിരുന്നു ; 2011 മാർച്ചിൽ അവസാനിച്ച വർഷം കെ.എസ്. ആർ.ടി.സി.-യുടെ മൊത്തം വരുമാനം എത്ര ; നഷ്ടം എത്ര ;

(എ) യാത്ര നിരക്കുകൾ ചുവടെ ചേർക്കുന്നു.

| സർവ്വീസ് | കി.മീറ്റർ നിരക്ക് | മിനിമം ചാർജ് |
|---|---|---|
| സിറ്റി ഓർഡിനറി | 55 പൈസ | 4 രൂപ |
| ഫാസ്റ്റ് പാസഞ്ചർ, ലിമിറ്റഡ് സ്റ്റോപ്പ് ഫാസ്റ്റ് പാസഞ്ചർ, സിറ്റി ഫാസ്റ്റ് | 57 പൈസ | 5 രൂപ |
| സൂപ്പർ ഫാസ്റ്റ് | 60 പൈസ | 10 രൂപ |
| സൂപ്പർ എക്സ്പ്രസ് | 65 പൈസ | 15 രൂപ |
| സൂപ്പർ ഡീലക്സ് | 75 പൈസ | 20 രൂപ |
| ലക്ഷുറി ഹൈടെക് എ.സി. | 90 പൈസ | 30 രൂപ |
| വോൾവോ | 110 പൈസ | 30 രൂപ |

2010-11 വർഷത്തെ മൊത്ത വരുമാനം 1,164.22 കോടി രൂപയാണ്. ടി വർഷത്തെ നഷ്ടം 295.80 കോടി രൂപയാണ്.

(ബി) ഈ സർക്കാരിന്റെ കാലത്ത് എത്ര തവണ നിരക്കുകൾ വർദ്ധിപ്പിക്കുകയുണ്ടായി ; ഓരോ വർദ്ധനയും

(ബി) രണ്ട് തവണ. 08.08.2011, 11.11.2012. കെ.എസ്.ആർ.ടി.സി.യിൽ വർദ്ധനവ് ഏകദേശം 10% വീതം ആയിരുന്നു.

| | | | |
|---|---|---|---|
| | നിലവിലുണ്ടായിരുന്നതിന്റെ എത്ര ശതമാനം വീതമായിരുന്നു ; | | |
| (സി) | നിലവിലുള്ള സർക്കാരിന്റെ കാലത്ത് കെ.എസ്.ആർ.ടി.സി ചാർജ്ജ് വർദ്ധിപ്പിക്കുക വഴി ഓരോ ഘട്ടത്തിലും അധിക വരുമാനം പ്രതീക്ഷിച്ചത് എത്ര കോടി വീതമായിരുന്നു ; | (സി) | 2011-ലെ വർദ്ധനവിൽ 95 കോടി രൂപയും, 2012-ലെ വർദ്ധനവിൽ 128 കോടി രൂപയും പ്രതിവർഷ വർദ്ധനവ് പ്രതീക്ഷിച്ചു. |
| (ഡി) | 2012-13 സാമ്പത്തിക വർഷത്തെ മൊത്തം വരുമാനം എത്ര ; നഷ്ടം എത്ര ? | (ഡി) | 2012 – 13 സാമ്പത്തിക വർഷത്തെ ടിക്കറ്റ് വഴിയുള്ള മൊത്ത വരുമാനം 1,572.94 കോടി രൂപ.<br>2012 – 13 വർഷത്തെ നഷ്ടം ഏകദേശം 451.53 കോടി രൂപയാണ്.<br>വാർഷിക കണക്ക് അന്തിമമായി പൂർത്തീകരിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ